**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5554** **15-03-2023 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി എത്ര തുക വകയിരുത്തി, അതിൽ എത്ര തുക അനുവദിച്ചു, എത്ര തുക ചെലവഴിച്ചു, എത്ര തുക ചെലഴിക്കാതെ നഷ്ടമായി എന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | **വിശദാംശങ്ങൾ അനുബന്ധം 1-ആയി ചേർക്കുന്നു.** |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ പുതിയതായി ആരംഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ പുതിയതായി ആരംഭിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.<br>**1.** ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് **UGC/CSIR-NET** പരീക്ഷാ പരിശീലനം നൽകുന്നതിനുള്ള പദ്ധതി<br>**2.** ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നാഷണൽ ടാലെന്റ് സെർച്ച് പരീക്ഷാ പരിശീലനം നൽകുന്നതിനുള്ള പദ്ധതി.<br>**3. PG Diploma in GST**പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്<br>**4.**ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനത്തിനായുള്ള സ്കോളർഷിപ്പ് |
| (സി) | ഈ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവ, വിവാഹമോചിത, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ തുടങ്ങിയവർക്കായി നടപ്പാക്കുന്ന ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചു, എത്ര പേർക്ക് പദ്ധതിയുടെ ആനുകൂല്യം നൽകി, അർഹരായ അപേക്ഷകരിൽ എത്ര ശതമാനം പേർക്കാണ് ആനുകൂല്യം ലഭിച്ചത് എന്നിവ വ്യക്തമാക്കുമോ? | (സി) | ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## കഴിഞ്ഞ സർക്കാരിന്റെ കാലയളവ് (തുക ലക്ഷത്തിൽ)

| വർഷം | വകയിരുത്തിയ തുക | അനുവദിച്ച തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| 2016-17 | 10733.74 | 10733.74 | 9459.14 | 1274.6 |
| 2017-18 | 9900 | 9900 | 8236.06 | 1663.94 |
| 2018-19 | 11011.2 | 11011.2 | 7345.699 | 3665.501 |
| 2019-20 | 6375 | 6375 | 2474.569 | 3900.434 |
| 2020-21 | 5241 | 5241 | 3203.71 | 2037.29 |
| ആകെ | 43260.94 | 43260.94 | 30719.178 | 12541.77 |

## ഈ സർക്കാരിന്റെ കാലയളവ് ( തുക ലക്ഷത്തിൽ)

| വർഷം | വകയിരുത്തിയ തുക | അനുവദിച്ച തുക (BIMS-ൽ ലഭ്യമാക്കിയത്) | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| 2021-22 | 12403.53 | 12403.53 | 10552.81 | 1850.72 |
| 2022-23 | 7601 | 4901.10 (നാളിതുവരെ) | 2605.79 (നാളിതുവരെ) | 2295.31 (വിനിയോഗം പുരോഗമിക്കുന്നു) |

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

അനുബന്ധം 2

## ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി വിവരങ്ങൾ

| വർഷം | അർഹരായ അപേക്ഷകൾ | ധനസഹായം അനുവദിച്ചത് | ശതമാനം |
|---|---|---|---|
| 2021-22 | 13034 | 624 | 4.8% |
| 2022-23 | 2223 | 947 | 42.6% |

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ